## ഇറിഗേഷൻ പദ്ധതി.

*152. MR. K. K. CHELLAPPAN PILLAI : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇറിഗേഷൻവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മൈനർ ഇറിഗേഷൻ പദ്ധതികൾ വിപുലപ്പെടുത്തുന്നതിനും നിലവിലിരിക്കുന്നവ ശരിയായരീതിയിലാക്കി സംരക്ഷിക്കുന്നതിനും ഗവണ്മെൻറ് എന്തു നടപടി എടുത്തിട്ടുണ്ട് ?

(ബി) ഇല്ലെങ്കിൽ എന്തെങ്കിലും പരിപാടി ആലോചനയിൽ ഉണ്ടോ ?

HON'BLE MR. V. O. MARKOS : (*a*) The question is not clear. It is not known what the Hon'ble Member means.

(*b*) This does not arise.

## ഒരു മൃഗാശുപത്രിയുടെ ആവശ്യം.

*153. MR. K. SARANGADHARAN : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

കുട്ടനാട്ടിൽ ഒരു മൃഗാശുപത്രി ഇല്ലാത്തതുകൊണ്ട് മൃഗങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ കർഷകർ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഇല്ല.

MR. K. SARANGADHARAN : കുട്ടനാട്ടിലെ കന്നുകാലികൾക്ക് സുഖക്കേടു വരുകയില്ലെന്നാണോ ഗവണ്മെൻറിന്റെ അഭിപ്രായം ?

HON'BLE MR. V. O. MARKOS : അങ്ങനെ അഭിപ്രായമില്ല. എന്നാൽ അടുത്തുള്ള സ്ഥലങ്ങളിൽ, അതായതു് ആലപ്പുഴ, കോട്ടയം, തിരുവല്ല, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ മൃഗാശുപത്രികൾ ഉണ്ട്. മങ്കൊമ്പിലും, ചങ്ങനാശേരിയിലും, ചേർത്തലയിലും ഓരോ ഡിസ്പെൻസറിയും ഉണ്ട്.

MR. ABDUL AZIZ (*Trivandrum I—Muslim*) : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ആശുപത്രികളെ സംബന്ധിച്ചുള്ള ഈ ചോദ്യത്തിനു് ഉത്തരം പറയേണ്ടതു് മെഡിക്കൽ വകുപ്പു മന്ത്രിയല്ലേ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. V. O. MARKOS : ഈ ചോദ്യം മൃഗാശുപത്രികളെപ്പറ്റിയുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. VARGHESE AUGUSTIN (*Ambalapuzha III—General*) : കുട്ടനാട്ടിൽ നിന്നും ആലപ്പുഴ പോകുന്നതിന് എത്ര ദൂരമുണ്ടെന്നറിയാമോ ?

HON'BLE MR. V. O. MARKOS : കുട്ടനാട് എന്നുള്ളത് എവിടെയെല്ലാം ഉള്ള ആളുകൾം അവകാശപ്പെടുന്നുവെന്ന നല്ല നിശ്ചയമില്ല. ചങ്ങനാശേരി എന്ന വയ്ക്കുകയാണെങ്കിൽ ൨൦ മൈൽ വരുമെന്നാണു തോന്നുന്നത്.

MR. VARGHESE AUGUSTIN : ഇത്രയും ദൂരം സുഖക്കേടു പിടിച്ച കുറുകാലികളെയുംകൊണ്ടു പോകുക എളുപ്പമാണെന്നാണോ വിചാരിക്കുന്നത്?

HON'BLE MR. V. O. MARKOS : ചങ്ങനാശേരിയിൽത്തന്നെ ഒരു ആശുപത്രിയുണ്ട്.

## പോലീസുമർദ്ദനം.

*154. MR. K. SARANGADHARAN : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

ചേർത്തല വിദ്യാർത്ഥി മി. പൗലോസ്സിനെ കയ്യേറ്റംചെയ്ത പോലീസ്സുകാരുടെമേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി ?

HON'BLE MR. T. K. NARAYANA PILLAI : അതിൽ ഉൾപ്പെട്ടിരുന്ന കാൻസ്റ്റബിൾമാർ ർ ൻ ൭-൦, ർ വ ർ ൦-൦ ആണ്. ഇതിൽ ആദ്യത്തെ ആളിനെ ൧൫ ദിവസത്തേക്കും രണ്ടാമത്തെ ആളിനെ ഒരു മാസത്തേക്കും സസ്പെൻറ് ചെയ്തിട്ടുണ്ട്.

## രാഷ്ട്രഭാഷാവിശാരദന്മാർ.

*150 MR. MANNAR GOPALAN NAIR (*Thiruvalla—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദക്ഷിണഭാരതഹിന്ദിപ്രചാരസഭയുടെ രാഷ്ട്രഭാഷാവിശാരദപരീക്ഷ പാസ്സായിട്ടുള്ളവരും, സഭ അംഗീകരിച്ചിട്ടുള്ളവരുമായ പ്രമാണിതപ്രചാരകന്മാരെ വയസ്സ്, പ്രായത്തിലും സാമാന്യപരീക്ഷായോഗ്യതയിലും നിന്നു ഒഴിവാക്കി ഗവണ്മെൻറ് സ്കൂളുകളിൽ നിയമിക്കണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

HON'BLE MR. N. KUNJURAMAN: (*a*) Yes.

(*b*) Since the candidates referred to in the representations are not duly qualified for the posts under the rules, the representation has not been considered.

LIBRARY ARCHIVES Kerala Legislative Assembly